# 2024- ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ബിൽ

2019- ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റ് (2019-ലെ 16) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയഞ്ചാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2024-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ഒരു പദപ്രയോഗത്തിന് പകരം മറ്റൊരു പദപ്രയോഗം ചേർക്കൽ.—2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റിൽ (2019-ലെ 16) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), "കൈപ്പറ്റ് സാക്ഷ്യപത്രം" എന്ന പദം വരുന്നിടത്തെല്ലാം അതിന് പകരം "തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം" എന്ന പദം തദനുസൃതമായി ചേർക്കേണ്ടതാണ്.

3. 6-ാം വകുപ്പിന്റെ ഭേദഗതി .—പ്രധാന ആക്റ്റിലെ 6-ാം വകുപ്പിൽ,—

(i) മാർജിനൽ ശീർഷകത്തിന് പകരം താഴെ പറയുന്ന മാർജിനൽ ശീർഷകം ചേർക്കേണ്ടതാണ്, അതായത്:—

"തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രത്തിന്റെ പ്രാബല്യം";

(ii) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

" (1) 5-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ഒരു വ്യവസായ സ്ഥാപനത്തിന് നൽകിയ തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രത്തിന്, എല്ലാ ആവശ്യങ്ങൾക്കും, അത് നൽകിയ തീയതി മുതൽ മൂന്ന് വർഷവും ആറുമാസവുമായ കാലയളവിലേക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, 2-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു അംഗീകാരം എന്ന രീതിയിൽ പ്രാബല്യം ഉണ്ടായിരിക്കുന്നതും, പ്രസ്തുത കാലയളവിനുള്ളിൽ, അപ്രകാരമുള്ള വ്യവസായ സ്ഥാപനം, 2-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ആവശ്യമായ അംഗീകാരങ്ങൾ ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് നേടേണ്ടതുമാണ്:

എന്നാൽ, 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലോ (2008-ലെ 28) അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായോ 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൻ (2016-ലെ 9) കീഴിൽ വിജ്ഞാപനം ചെയ്ത പ്രകാരമുള്ള മാസ്റ്റർ പ്ലാനിൽ, അപ്രകാരമുള്ള പ്ലാൻ പ്രാബല്യത്തിലുള്ളിടത്ത്, വ്യക്തമാക്കിയിട്ടുള്ള ഭൂവിനിയോഗത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ടോ ഒരു ഭൂമി ഉപയോഗിക്കുന്നതിന് തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം ഒരാളെ അർഹനാക്കുന്നതല്ലാത്തതാകുന്നു.";

(iii) (2)-ാം ഉപവകുപ്പിലെ "മൂന്ന് വർഷക്കാലയളവിൽ " എന്ന വാക്കുകൾക്ക് പകരം "മൂന്ന് വർഷവും ആറ് മാസവുമായ കാലയളവിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. 7-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 7-ാം വകുപ്പിൽ "മൂന്ന് വർഷക്കാലയളവിലേക്ക്" എന്ന വാക്കുകൾക്ക് പകരം "മൂന്ന് വർഷവും ആറ് മാസവുമായ കാലയളവിലേക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

2024 ഒക്ടോബർ മാസം 15-ാം തീയതി കേരള സംസ്ഥാന നിയമസഭ ഈ ബിൽ പാസ്സാക്കി.

സ്പീക്കർ